D 12132 (Pages : 3) Name.....................................

Reg. No..................................

# THIRD SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam

MAL 3B 04—DRISHYA KALA SAHITHYAM

(2019–2020 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 കഥകളിയുടെ പ്രധാന ചടങ്ങുകൾ പരിചയപ്പെടുത്തുക.

2 "അതിമൂഢനിവനോടെന്തനുസരിച്ചുരപ്പൂ
അതു കേട്ടാലിവനുണ്ടോ അടങ്ങിപ്പോയിരിപ്പൂ"
—സൂചിതമെന്ത് ?

3 നാട്യധർമ്മി എന്തെന്ന് വ്യക്തമാക്കുക.

4 "പക്ഷേ, അനുഭവങ്ങളായിരിക്കണം
എക്കാലവും മനുഷ്യന്റെ ഗുരുനാഥൻ !"
—മന്ത്രി ഇങ്ങനെ ഓർമ്മിപ്പിക്കാൻ കാരണമെന്ത് ?

5 എന്താണ് ദശരൂപകങ്ങൾ ?

6 ചെല്ലപ്പന്റെ പാട്ടിൽ തെളിയുന്ന ആശയമെന്ത് ?

7 തെരുവ് നാടകങ്ങൾ–കുറിപ്പെഴുതുക.

8 "ഈ അപേക്ഷ അങ്ങേയ്ക്കനുകൂലം തന്നെ"—വിദൂഷകൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?

9 നളചരിതത്തിലെ കഥാപാത്രങ്ങളുടെ പേരെഴുതുക.

10 പാട്ടുപരിഷകളും ആട്ടപ്പണ്ടാരങ്ങളും എവിടേക്കാണ് പോകുന്നത് ? അവരുടെ യാത്രയുടെ ലക്ഷ്യമെന്ത് ?

11 കാക്കാരിശ്ശിനാടകം–കുറിപ്പെഴുതുക.

Turn over

12 "മുന്നോട്ടു നീങ്ങുന്നു ജഡം ശരീരം

പിന്നോട്ടു പായുന്നു മനസ്സനിശം"

—വിശദമാക്കുക.

13 "കുറിയേടത്ത് നമ്പ്യാത്തൻ നമ്പൂതിരിക്കും നമ്പീശനുമൊക്കെ ആവാച്ചാൽ എനിക്കെന്താ ആയിക്കൂടെ" —സൂചിതമെന്ത് ?

14 "പടച്ചോന്റെ റഹ്മത്തിനെക്കുറിച്ച് പരാതി പറയാൻ പാടില്ല. ആരുടെ വാക്കുകൾ ? സാഹചര്യം എഴുതുക.

15 എന്താണ് തിരക്കഥ ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 "പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു

നളനു വേറെ കർമ്മം, നമുക്ക് കർമ്മം, വേറെ"

—സന്ദർഭവും ആശയവും വിശദമാക്കുക.

17 "അടിയൻ ! രാജാവില്ലെങ്കിൽ അടിയങ്ങളുണ്ടോ തമ്പുരാൻ ?" മന്ത്രിയുടെ ഈ അധർമ്മ ബോധത്തിന്റെ പൊരുൾ വ്യക്തമാക്കുക.

18 വർഗ്ഗസമരത്തെയും ട്രേഡ് യൂണിയനെയും സർവ്വേക്കല്ല് എന്ന നാടകത്തിൽ അടയാളപ്പെടുത്തുന്നതെങ്ങനെ ?

19 "'എനിക്കിപ്പോ കൂടുതൽ ബോധ്യാവണ്ണ്ട്....' എന്റെ കമ്പളങ്ങളൊക്കെ എനിക്ക് ഭാരാണെന്ന്" —സന്ദർഭവും ആശയവും വിശദമാക്കുക.

20 അവനവൻ കടമ്പ എന്ന നാടകത്തിന്റെ താളാത്മകത നിലനിർത്തുന്നതിൽ പാട്ടു പരിഷകളും ആട്ടപ്പണ്ടാരങ്ങളും മുഖ്യ പങ്കു വെക്കുന്നു–സമർത്ഥിക്കുക.

21 "കുന്നിൽത്തടഞ്ഞാൽ പുഴയെന്ന പോലെ മന്ദിച്ചു രണ്ടായ് പ്പിരിയുന്നു ചിത്തം"—വിശദമാക്കുക.

22 "ഇതു വാങ്ങിക്കാൻ ഇനി എന്നെ നിർബന്ധിക്കരുത് ജോൺസാ . . . ഇത് ഒരു വിശ്വാസത്തിന്റെ പ്രശ്ണാ..." സന്ദർഭവും ആശയവും വിശദമാക്കുക.

23 "പാരിൽപ്പതികൾ തന്നൊരു

തിരസ്കരണിയുള്ള നീ-

ഇരിപ്പിടം ധരിപ്പവരിപ്പമല്ലോ"

—വിശദീകരിക്കുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries 10 marks.*

III. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 നളചരിതത്തിന്റെ നാടകീയത പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

25 കാവാലം നാരായണപ്പണിക്കരുടെ നാടകങ്ങൾ ആധുനിക നാടകവേദിയ്ക്ക് പരീക്ഷണാത്മകമായ പരിവർത്തനദശയാണ് സമ്മാനിച്ചത്. അവനവൻ കടമ്പയെ മുൻനിർത്തി സമർത്ഥിക്കുക.

26 “ഇന്നോളം ദുരവസ്ഥയുടെ പ്രഖ്യാപനം മാത്രം കൊട്ടിയറിയിച്ച എന്റെ പെരുമ്പറ ഇന്നിതാ ആഹ്ലാദത്തിന്റെ പൊൻതാളമുതിർക്കുന്നു” വിദൂഷകന്റെ ഈ അന്തിമഭാഷണത്തിൽ നാടകം മുഴുവൻ ഒതുങ്ങിയിട്ടുണ്ട് –ചർച്ച ചെയ്യുക.

27 വർത്തമാനകാല സിനിമാസങ്കല്പങ്ങളെയും സിനിമയെക്കുറിച്ചുള്ള പൊതുബോധത്തെയും മാറ്റിമറിക്കുന്നുണ്ട്. ആദാമിന്റെ മകൻ അബു ശരിയോ ? സമർത്ഥിക്കുക.

(2 × 10 = 20 marks)